## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6622 04.04.2018 - ൽ മറുപടിക്ക്

## കരമന-കളിയിക്കാവിള ദേശീയപാത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എം.ഷാജി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കരമന-കളിയിക്കാവിള ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ ; | (എ) കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗത്തെ പൊന്നും വില നടപടിയിൽ അർത്ഥന ലഭ്യമായതിൽ ബഹു. ഹൈക്കോടതി കേസ് നിലനിൽക്കുന്ന ഒരു എൽ. എ കേസിൽ ഒഴികെ ബാക്കിയുള്ളവ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാലരാമപുരം - വഴിമുക്ക് റീച്ചിൽ 31.07.2017 - ന് സാമൂഹ്യ ആഘാത പഠന യൂണിറ്റിനെ നിശ്ചയിച്ചുവെങ്കിലും ടി യൂണിറ്റിന് നൽകേണ്ട പ്രതിഫല തുക ലഭ്യമാകാത്തതിനാൽ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ലായെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് എന്നത്തേക്ക് പൂർത്തിയാകു-മെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) | ബാലരാമപുരം - വഴിമുക്ക് റീച്ചിൽ സാമൂഹ്യ ആഘാത പഠന യൂണിറ്റിന് നൽകേണ്ട തുക ലഭ്യമായാലുടൻ തന്നെ RFCTLARR Act 2013 -ൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി സ്ഥല-മേറ്റെടുക്കുന്നതാണ് എന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (സി) | വീട് നഷ്ടപ്പെട്ടവർക്കും സ്ഥലം ഏറ്റെടുത്തവർക്കും നഷ്ടപരിഹാരം അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കാമോ ? | (സി) | പ്രസ്തുത പൊന്നും വില നടപടിയിൽ സ്ഥലവും വീടും ഏറ്റെടുത്തവർക്കുള്ള നഷ്ടപരിഹാര തുക വിതരണം നടത്തിയിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**